വസ്തുക്കരം ബാങ്കിൽ അടയ്ക്കാൻ സംവിധാനം: മന്ത്രി അടൂർ പ്രകാശ്

ചെറുതോണി (ഇടുക്കി) • വസ്തുക്കരം അടയ്ക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് ഇ-പേമെന്റ് സംവിധാനം നടപ്പാക്കുമെന്നു മന്ത്രി അടൂർ പ്രകാശ്. ബാങ്കുകളുമായി ചർച്ച തുടരുകയാണ്. കരം കുടിശിക വന്നാൽ മൊബൈൽ ഫോണിൽ എസ്എംഎസ് ലഭിക്കുന്ന രീതിയിലാണു പദ്ധതി നടപ്പാക്കുന്നത്. വ്യക്തികൾക്ക് അക്കൗണ്ടുള്ള ബാങ്കുകളിൽ അപ്പോൾത്തന്നെ കരം ഒടുക്കാമെന്നും മന്ത്രി പറഞ്ഞു.

ഇടുക്കിയിൽ ജില്ലാതല പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ വില്ലേജ് ഓഫിസുകൾ സ്മാർട്ട് ഓഫിസുകളാക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്. നിർമിതിപോലെയുള്ള ഏജൻസികൾ മുൻകാലങ്ങളിൽ നടത്തിയ നിർമാണ പ്രവർത്തനങ്ങളിൽ രൂപഭേദഗതി വരുത്താനാണു ശ്രമം. എല്ലാ ഓഫിസുകളും ഇത്തരത്തിൽ രൂപമാറ്റം വരുത്താനുള്ള തുക സർക്കാരിന്റെ പക്കലില്ല.

ആരെങ്കിലും സ്പോൺസർ ചെയ്യാൻ തയാറായി വന്നാൽ അവർ പറയുന്ന ഓഫിസുകൾ സ്മാർട്ട് വില്ലേജ് ആക്കി മാറ്റും. സ്പോൺസറുടെ പേരും എഴുതിവയ്ക്കും. ജീവനക്കാരുടെ മനോഭാവം ഇതിനൊപ്പം മാറിയാലേ എല്ലാം സ്മാർട്ടാകുകയുള്ളൂ. ജീവനക്കാർക്കു വേണ്ട നിർദേശങ്ങൾ, അവർ എങ്ങനെയൊക്കെ പെരുമാറണം എന്നതു സംബന്ധിച്ചു വ്യക്തമായ നിർദേശങ്ങൾ നൽകണം.

ഓഗസ്റ്റ് 15നു മുൻപു കേരളത്തിൽ ഭൂമിയില്ലാത്ത ഒരുലക്ഷം പേർക്കു ഭൂമി നൽകുമെന്നും മന്ത്രി പറഞ്ഞു. ഈ സമയത്തിനുള്ളിൽ ഇത്രയും പേർക്കു ഭൂമി നൽകാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. മൂന്നാറിൽ കയ്യേറ്റങ്ങളുണ്ടെന്നു കണ്ടാൽ കലക്ടറോടു വിവരങ്ങൾ അന്വേഷിക്കാറുണ്ട്. റവന്യു വകുപ്പു നടത്തുന്ന അന്വേഷണത്തിൽ മൂന്നാറിൽ കയ്യേറ്റങ്ങൾ ഇല്ലെന്ന റിപ്പോർട്ടാണു ലഭിക്കുന്നത്. നിജസ്ഥിതി പരിശോധിക്കാൻ ഉടൻ മൂന്നാറിലെത്തുമെന്നും മന്ത്രി പറഞ്ഞു.

ഇടുക്കി ജില്ലയെ ഇ-ജില്ലയായി മന്ത്രി പി. ജെ. ജോസഫ് പ്രഖ്യാപിച്ചു.

വസ്തുക്കരം ബാങ്കിൽ അടയ്ക്കാൻ സംവിധാനം: മന്ത്രി അടൂർ പ്രകാശ്

ചെറുതോണി (ഇടുക്കി) • വസ്തുക്കരം അടയ്ക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് ഇ-പേമെന്റ് സംവിധാനം നടപ്പാക്കുമെന്നു മന്ത്രി അടൂർ പ്രകാശ്. ബാങ്കുകളുമായി ചർച്ച തുടരുകയാണ്. കരം കുടിശിക വന്നാൽ മൊബൈൽ ഫോണിൽ എസ്എംഎസ് ലഭിക്കുന്ന രീതിയിലാണു പദ്ധതി നടപ്പാക്കുന്നത്. വ്യക്തികൾക്ക് അക്കൗണ്ടുള്ള ബാങ്കുകളിൽ അപ്പോൾത്തന്നെ കരം ഒടുക്കാമെന്നും മന്ത്രി പറഞ്ഞു.

ഇടുക്കിയിൽ ജില്ലാതല പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ വില്ലേജ് ഓഫിസുകൾ സ്മാർട്ട് ഓഫിസുകളാക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്. നിർമിതിപോലെയുള്ള ഏജൻസികൾ മുൻകാലങ്ങളിൽ നടത്തിയ നിർമാണ പ്രവർത്തനങ്ങളിൽ രൂപഭേദഗതി വരുത്താനാണു ശ്രമം. എല്ലാ ഓഫിസുകളും ഇത്തരത്തിൽ രൂപമാറ്റം വരുത്താനുള്ള തുക സർക്കാരിന്റെ പക്കലില്ല.

ആരെങ്കിലും സ്പോൺസർ ചെയ്യാൻ തയാറായി വന്നാൽ അവർ പറയുന്ന ഓഫിസുകൾ സ്മാർട്ട് വില്ലേജ് ആക്കി മാറ്റും. സ്പോൺസറുടെ പേരും എഴുതിവയ്ക്കും. ജീവനക്കാരുടെ മനോഭാവം ഇതിനൊപ്പം മാറിയാലേ എല്ലാം സ്മാർട്ടാകുകയുള്ളൂ. ജീവനക്കാർക്കു വേണ്ട നിർദേശങ്ങൾ, അവർ എങ്ങനെയൊക്കെ പെരുമാറണം എന്നതു സംബന്ധിച്ചു വ്യക്തമായ നിർദേശങ്ങൾ നൽകണം.

ഓഗസ്റ്റ് 15നു മുൻപു കേരളത്തിൽ ഭൂമിയില്ലാത്ത ഒരുലക്ഷം പേർക്കു ഭൂമി നൽകുമെന്നും മന്ത്രി പറഞ്ഞു. ഈ സമയത്തിനുള്ളിൽ ഇത്രയുംപേർക്കു ഭൂമി നൽകാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. മൂന്നാറിൽ കയ്യേറ്റങ്ങളുണ്ടെന്നു കണ്ടാൽ കലക്ടറോടു വിവരങ്ങൾ അന്വേഷിക്കാറുണ്ട്. റവന്യു വകുപ്പു നടത്തുന്ന അന്വേഷണത്തിൽ മൂന്നാറിൽ കയ്യേറ്റങ്ങൾ ഇല്ലെന്ന റിപ്പോർട്ടാണു ലഭിക്കുന്നത്. നിജസ്ഥിതി പരിശോധിക്കാൻ ഉടൻ മൂന്നാറിലെത്തുമെന്നും മന്ത്രി പറഞ്ഞു.

ഇടുക്കി ജില്ലയെ ഇ-ജില്ലയായി മന്ത്രി പി. ജെ. ജോസഫ് പ്രഖ്യാപിച്ചു.